**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2990** **18-10-2016-ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്**

| | ചോദ്യം<br><br>ശ്രീ. മുല്ലക്കര രത്നാകരൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ഇപ്പോഴത്തെ മൊത്തം ആസ്തി ബാധ്യതകൾ കണക്കാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. കെ.എസ്.എഫ്.ഇ യുടെ ഇപ്പോഴത്തെ മൊത്തം ആസ്തി / ബാധ്യത 21002 കോടി രൂപയും അറ്റാസ്തി 497 കോടി രൂപയുമാണ്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ഈ സ്ഥാപനം എത്ര കോടി രൂപ ലാഭം നേടിയെന്ന് വ്യക്തമാക്കാമോ ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് കെ.എസ്.എഫ്.ഇ യുടെ ലാഭം 181.65 കോടി രൂപയും നികുതി കഴിച്ചുള്ള ലാഭം 75.87 കോടി രൂപയുമാണ്. |
| (സി) | കെ.എസ്.എഫ്.ഇ യുടെ ലാഭത്തിന്റെ പങ്ക് ഇടപാടുകാർക്കു കൂടി പ്രയോജനപ്പെടുന്ന വിധം പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | കെ.എസ്.എഫ്.ഇ യുടെ ലാഭത്തിന്റെ ഒരു പങ്ക് ഇടപാടുകാർക്ക് സമ്മാനങ്ങളുടെ രൂപത്തിൽ തിരിച്ചു നൽകുക എന്ന ലക്ഷ്യത്തോടെയാണ് സമ്മാന പദ്ധതികളോടും മറ്റ് ആനുകൂല്യങ്ങളോടും കൂടി പ്രത്യേക ചിട്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഇപ്പോൾ നടന്നുവരുന്ന 'പൊന്നോണചിട്ടികൾ 2016' എന്ന പദ്ധതിയിലൂടെ 900 പവനിലധികം സ്വർണ്ണസമ്മാനങ്ങളാണ് ഇടപാടുകാർക്ക് നൽകുന്നത്. കൂടാതെ ഈ സവിശേഷ ചിട്ടി പദ്ധതിയിൽ ചേരുന്ന ഇടപാടുകാർക്ക് അത്യാഹിത പരിരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം ചിട്ടി പിടിച്ച ഇടപാടുകാർ ഒരു വർഷത്തിനുള്ളിൽ മരണപ്പെടുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ 2 ലക്ഷം വരെയുള്ള അവരുടെ ബാധ്യതകൾ എഴുതിതള്ളുന്നതാണ്. 75 ലക്ഷം രൂപ ഇതിനുവേണ്ടി മാറ്റിവെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.